# മൂപ്പന്മാർക്കും ഉത്തരവാദിത്തമുള്ളവർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

2025 ഏപ്രിൽ

## പൊതുവിഷയം:

## ഒരുമനസ്സും പ്രവൃത്തികളുടെ പുസ്തകത്തിന്റെ നിർണായക വശങ്ങളും

ദൂത് ആറ്

### പ്രവൃത്തികളുടെ പുസ്തകത്തിലെ കൃപ

RM *Hymns*: E312, ML43

തിരുവെഴുത്ത് വായന: യോഹ. 1:14, 16-17; പ്രവൃ. 4:33; 11:23; 13:43; 14:3, 26; 15:11, 40; 20:32

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

പ്രവൃ. 4:33 അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ യേശു ക്രിസ്തുവിന്റ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു, എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു.

പ്രവൃ. 11:23 അവൻ വന്ന് ദൈവകൃപ കണ്ടപ്പോൾ, സന്തോഷിക്കുകയും അവർ എല്ലാവരെയും ഹൃദയ നിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉൽസാഹിപ്പിക്കുകയും ചെയ്തു.

പ്രവൃ. 13:43 സിനഗോഗു പിരിഞ്ഞപ്പോൾ, യെഹൂദന്മാരിലും ഭക്തരായ സ്വമതത്യാഗികളിലും അനേകർ പൗലൊസിനെയും ബർന്നബാസിനെയും പിന്തുടർന്നു; അവർ അവരോട് സംസാരിക്കുകയും ദൈവകൃപയിൽ നിലനിൽക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു.

പ്രവൃ. 14:3 അതുകൊണ്ട് അവർ ഗണ്യമായ കാലയളവ് കർത്താവിൽ

ധൈര്യത്തോടെ സംസാരിച്ചുകൊണ്ട് ചെലവഴിച്ചു, അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യുമാറാക്കി തന്റെ കൃപയുടെ വചനത്തെ അവൻ സാക്ഷ്യപ്പെടുത്തി.

പ്രവൃ. 14:26 അവിടെനിന്ന് അവർ, തങ്ങൾ നിവർത്തിച്ച വേലയ്ക്കായി തങ്ങളെ ദൈവകൃപയ്ക്കു ഭരമേൽപ്പിച്ചിരുന്ന ഇടമായ അന്ത്യൊക്യയിലേക്ക് കപ്പൽ കയറി.

പ്രവൃ. 15:11 എന്നാൽ കർത്താവായ യേശുവിന്റെ കൃപയിലൂടെ അവർ രക്ഷിക്കപ്പെട്ട അതേ രീതിയിൽത്തന്നെ നാമും രക്ഷിക്കപ്പെട്ടു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

പ്രവൃ. 15:40 എന്നാൽ പൗലൊസ് ശീലാസിനെ തിരഞ്ഞെടുത്ത്, സഹോദരന്മാരാൽ കർത്താവിന്റെ കൃപയ്ക്ക് ഭരമേൽപ്പിച്ചിട്ട് പുറപ്പെട്ടുപോയി.

പ്രവൃ. 20:32 ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേൽപ്പിക്കുന്നു.

**I. നാം ദൈവകൃപ അറിയുകയും അനുഭവമാക്കുകയും ആസ്വദിക്കുകയും വേണം—എഫെ. 2:7; 1 കൊരി. 15:10:**

എഫെ. 2:7 വരുവാനുള്ള യുഗങ്ങളിൽ ക്രിസ്തു യേശുവിൽ നമ്മോടുള്ള ദയയാൽ അവന്റെ കൃപയുടെ അളവറ്റ ധനം പ്രദർശിപ്പിക്കേണ്ടതിനു തന്നെ.

1 കൊരി. 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

A. ദൈവകൃപ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്.

B. പുതിയനിയമപ്രകാരം, നമ്മുടെ ആസ്വാദനത്തിനായി നമുക്ക് ദൈവം താൻ ആയിരിക്കുന്നതാണ് കൃപ—യോഹ. 1:16-17; 2 കൊരി. 12:9.

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

C. പുതിയനിയമം വെളിപ്പെടുത്തുന്നത് കൃപ പ്രധാനമായും ദൈവം നമുക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തിയല്ല എന്നാണ്; നമ്മുടെ ആളത്തത്തിലേക്ക്

പകരപ്പെടുകയും നമ്മുടെ ആസ്വാദനമായി അനുഭവമാക്കുന്നതുമായ ത്രിയേക ദൈവം തന്നെയാണ് കൃപ.

D. കൃപ യേശു ക്രിസ്തു മുഖാന്തരം വന്നു (യോഹ. 1:17); ഇത് സൂചിപ്പിക്കുന്നത് കൃപ ഒരു വ്യക്തിയാകുന്നു എന്നാണ്.

യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

E. കൃപയുടെ വ്യക്തിരൂപം ദൈവം തന്നെയാണ്; "ഞാനല്ല, എന്നോടുകൂടെയുള്ള ദൈവകൃപയത്രേ" എന്ന് പറഞ്ഞപ്പോൾ പൗലൊസ് ഇത് തിരിച്ചറിഞ്ഞു—1 കൊരി. 15:10.

F. നമ്മളാൽ ദൈവം ആസ്വദിക്കപ്പെടുന്നതാണ് കൃപ.

G. കൃപ എന്നത്, ദൈവം താൻ ആയിരിക്കുന്നതെല്ലാം നമ്മുടെ ആസ്വാദനമായിരിക്കേണ്ടതിന്, ദൈവം തന്റെ പുത്രനായ യേശു ക്രിസ്തുവിൽ നമ്മുടെ ഓഹരിയാകുന്നതാണ്.

H. കൃപ എന്നത് കേവലം ക്രിസ്തു താൻതന്നെയല്ല; ക്രിസ്തു നീങ്ങുന്നതും, ക്രിസ്തു പ്രവർത്തിക്കുന്നതും, ക്രിസ്തു വാഴുന്നതും, ക്രിസ്തു ബോധ്യപ്പെടുത്തുന്നതും, ക്രിസ്തു കീഴപ്പെടുത്തുന്നതും, ക്രിസ്തു രക്ഷിക്കുന്നതും, ക്രിസ്തു ഉയർത്തുന്നതും കൂടിയാണ്.

I. കൃപയുടെ വ്യത്യസ്ത വശങ്ങളുണ്ട്:

1. വലിയ കൃപ—പ്രവൃ. 4:33.

   പ്രവൃ. 4:33 അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ യേശു ക്രിസ്തുവിന്റ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു, എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു.

2. ദൃശ്യമായ കൃപ—11:23.

   പ്രവൃ. 11:23 അവൻ വന്ന് ദൈവകൃപ കണ്ടപ്പോൾ, സന്തോഷിക്കുകയും അവർ എല്ലാവരെയും ഹൃദയ നിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉൽസാഹിപ്പിക്കുകയും ചെയ്തു.

3. നമ്മെ രക്ഷിക്കുന്ന കൃപ—എഫെ. 2:5; തീത്തൊ. 2:11; 2 തിമൊ. 1:9.

   എഫെ. 2:5 നാം അതിക്രമങ്ങളിൽ മരിച്ചവരായിരുന്നപ്പോൾത്തന്നെ, നമ്മെ, ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും (കൃപയാൽ ആകുന്നു നിങ്ങൾ രക്ഷിക്കപ്പെട്ടത്),

   തീത്തൊ. 2:11 എന്തെന്നാൽ സകല മനുഷ്യർക്കും രക്ഷ കൊണ്ടുവരുന്ന ദൈവകൃപ പ്രത്യക്ഷമായിരിക്കുന്നു,

   2 തിമൊ. 1:9 അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളിയാൽ വിളിക്കുകയും ചെയ്തത്, നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണമല്ല തന്റെ സ്വന്തം ഉദ്ദേശ്യത്തിനും കൃപയ്ക്കും ഒത്തവണ്ണമത്രേ, അത് യുഗങ്ങളുടെ കാലങ്ങൾക്കു മുമ്പേ ക്രിസ്തു യേശുവിൽ നമുക്കു നൽകപ്പെട്ടിരുന്നു,

4. നമ്മെ ശക്തിപ്പെടുത്തുന്ന കൃപ—2:1.

   2 തിമൊ. 2:1 അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;

5. ചൊരിയപ്പെട്ട കൃപ—ഗലാ. 2:9.

ഗലാ. 2:9 — എനിക്ക് നൽകിയിരുന്ന കൃപ ഗ്രഹിച്ചിട്ട്, തൂണുകളായി അറിയപ്പെട്ടിരുന്ന യാക്കോബും കേഫാവും യോഹന്നാനും, എനിക്കും ബർന്നബാസിനും ഞങ്ങൾ ജാതികളുടെ അടുക്കലും, അവർ പരിച്ഛേദനക്കാരുടെ അടുക്കലും പോകുവാൻ കൂട്ടായ്മയുടെ വലംകൈ തന്നു.

6. യഥാർഥ കൃപ—യോഹ. 1:14, 16-17.

യോഹ. 1:14 — വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:16 — അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

യോഹ. 1:17 — ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

7. ദൈവകൃപയ്ക്ക് ഭരമേൽപ്പിക്കപ്പെടുന്നു—പ്രവൃ. 14:26.

പ്രവൃ. 14:26 — അവിടെനിന്ന് അവർ, തങ്ങൾ നിവർത്തിച്ച വേലയ്ക്കായി തങ്ങളെ ദൈവകൃപയ്ക്കു ഭരമേൽപ്പിച്ചിരുന്ന ഇടമായ അന്ത്യൊക്യയിലേക്ക് കപ്പൽ കയറി.

8. കൃപയുടെ പ്രവർത്തനം—എഫെ. 3:8.

എഫെ. 3:8 — സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

9. തക്കസമയത്ത് സഹായത്തിനായുള്ള കൃപ—എബ്രാ. 4:16.

എബ്രാ. 4:16 — അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം.

10. സമൃദ്ധമായ, വാഴുന്ന കൃപ—റോമ. 5:2, 15, 20-21.

റോമ. 5:2 — നാം നിൽക്കുന്ന ഈ കൃപയിലേക്ക്, അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുകയും, ദൈവതേജസ്സിന്റെ പ്രത്യാശ നിമിത്തം പ്രശംസിക്കുകയും ചെയ്യുന്നു.

റോമ. 5:15 — എന്നാൽ അതിക്രമം ആയിരുന്നതുപോലെ, കൃപയാലുള്ള ഉപഹാരവും ആകുന്നു എന്നല്ല; എന്തെന്നാൽ ഒരുവന്റെ അതിക്രമത്താൽ അനേകർ മരിച്ചു എങ്കിൽ, ദൈവകൃപയും ഏക മനുഷ്യനായ യേശു ക്രിസ്തുവിന്റെ കൃപയിലുള്ള സൗജന്യ ഉപഹാരവും എത്ര അധികമായി അനേകർക്ക് സമൃദ്ധമായിരിക്കുന്നു.

റോമ. 5:20 — അതിക്രമം സമൃദ്ധമാകേണ്ടതിന് ന്യായപ്രമാണം സമാന്തരമായി പ്രവേശിച്ചു; എന്നാൽ പാപം പെരുകിയ ഇടത്ത് കൃപ അത്യന്തം സമൃദ്ധമായി.

| | |
|---|---|
| റോമ. 5:21 | എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ. |

11. അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടു—3:24.

| | |
|---|---|
| റോമ. 3:24 | ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു; |

12. കൃപ എങ്ങനെ സ്വീകരിക്കാം—വിലാ. 3:55.

| | |
|---|---|
| വിലാ. 3:55 | യഹോവേ, ഞാൻ ആഴമുള്ള കുണ്ടറയിൽനിന്നു നിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചിരിക്കുന്നു. |

13. കൃപയ്ക്കൊത്തവണ്ണമുള്ള വരങ്ങൾ—റോമ. 12:6.

| | |
|---|---|
| റോമ. 12:6 | നമുക്ക് നൽകിയിരിക്കുന്ന കൃപയ്ക്കൊത്തവണ്ണം വ്യത്യസ്ത വരങ്ങൾ ഉള്ളതിനാൽ, പ്രവചനം എങ്കിൽ, വിശ്വാസത്തിന്റെ അനുപാതപ്രകാരം നമുക്ക് പ്രവചിക്കാം; |

14. പര്യാപ്തമായ കൃപ—2 കൊരി. 12:9.

| | |
|---|---|
| 2 കൊരി. 12:9 | അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. |

15. കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ—13:14.

| | |
|---|---|
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |

16. നമ്മുടെ ആത്മാവോടുകൂടെയുള്ള കൃപ—ഗലാ. 6:18; 1 കൊരി. 16:23; 2 തിമൊ. 4:22.

| | |
|---|---|
| ഗലാ. 6:18 | സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കട്ടെ. ആമേൻ. |
| 1 കൊരി. 16:23 | കർത്താവായ യേശുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കട്ടെ. |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |

17. “കർത്താവായ യേശുവിന്റെ കൃപ സകല വിശുദ്ധന്മാരോടും കൂടെ ഇരിക്കട്ടെ. ആമേൻ”—വെളി. 22:21.

**J.** ക്രിസ്തുവിലുള്ള വിശ്വാസികൾ എന്ന നിലയിൽ, പുതിയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ നാം കർത്താവിന്റെ കൃപ അനുഭവമാക്കണം:

1. കർത്താവിന്റെ അത്യന്തം സമൃദ്ധമായ കൃപയിലൂടെ വിശ്വാസവും സ്നേഹവും ഉണ്ടായിരിക്കുന്നു—1 തിമൊ. 1:14.

| | |
|---|---|
| 1 തിമൊ. 1:14 | നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തു യേശുവിൽ വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം |

സമൃദ്ധമായി.

2. ദൈവത്തിന്റെ സമൃദ്ധമായ കൃപയിൽ പ്രവേശനം നേടുകയും അതിൽ നിൽക്കുകയും ചെയ്യുന്നു—റോമർ 5:2.

| | |
|---|---|
| റോമ. 5:2 | നാം നിൽക്കുന്ന ഈ കൃപയിലേക്ക്, അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുകയും.... |

3. കൃപയിൽ നിത്യാശ്വാസവും നല്ല പ്രത്യാശയും ആസ്വദിക്കുന്നു—2 തെസ്സ. 2:16.

| | |
|---|---|
| 2 തെസ്സ. 2:16 | നമ്മെ സ്നേഹിക്കുകയും നമുക്കു നിത്യാശ്വാസവും കൃപയിൽ നല്ല പ്രത്യാശയും നൽകുകയും ചെയ്തവനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തു താനും നമ്മുടെ പിതാവായ ദൈവവും, |

4. തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാൻ കൃപയുടെ സിംഹാസനത്തിലേക്ക് ധൈര്യത്തോടെ മുമ്പോട്ടുവരുന്നു—എബ്രാ. 4:16.

| | |
|---|---|
| എബ്രാ. 4:16 | അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം. |

5. ദൈവത്തിന്റെ സകല കൃപയുടെയും വർധിച്ചുവരുന്ന സഹായം പ്രാപിക്കുന്നു—2 കൊരി. 9:8.

| | |
|---|---|
| 2 കൊരി. 9:8 | നിങ്ങൾ സകലത്തിലും എല്ലായ്പ്പോഴും പൂർണ തൃപ്തിയുള്ളവരായി, സകല സൽപ്രവൃത്തിക്കായി വർധിച്ചുവരേണ്ടതിന്, നിങ്ങൾക്ക് സകല കൃപയും വർധിപ്പിക്കുവാൻ ദൈവം പ്രാപ്തൻ ആകുന്നു. |

6. ദൈവത്തിന്റെ പെരുകുന്ന കൃപ നിരന്തരം ആസ്വദിക്കുന്നു—1 പത്രൊ. 1:2; 2 പത്രൊ. 1:2; വെളി. 22:21.

| | |
|---|---|
| 1 പത്രൊ. 1:2 | ...നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ. |
| 2 പത്രൊ. 1:2 | ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പൂർണ, പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും പെരുകുമാറാകട്ടെ; |
| വെളി. 22:21 | കർത്താവായ യേശുവിന്റെ കൃപ സകല വിശുദ്ധന്മാരോടുംകൂടെ ഇരിക്കട്ടെ. ആമേൻ.. |

7. താഴ്മയുള്ളവരായിരിക്കുന്നതിലൂടെ ദൈവത്തിന്റെ വലിയ കൃപ ആസ്വദിക്കുന്നു—യാക്കോ. 4:6; 1 പത്രൊ. 5:5.

| | |
|---|---|
| യാക്കോ. 4:6 | അവനോ വലിയ കൃപ നൽകുന്നു; അതുകൊണ്ട്, “ദൈവം നിഗളികളെ എതിർക്കുകയും താഴ്മയുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു” എന്ന് അതു പറയുന്നു. |
| 1 പത്രൊ. 5:5 | അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. |

8. നമ്മുടെ ബലഹീനതയിൽ, കർത്താവിന്റെ മതിയായ കൃപയുടെ, ക്രിസ്തുവിന്റെ നിഴലുടുന്ന ശക്തിയുടെ തികവിനെ അനുഭവമാക്കുന്നു—2 കൊരി. 12:9.

| | |
|---|---|
| 2 കൊരി. 12:9 | അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. |

9. കഷ്ടമനുഭവിച്ചശേഷം ദൈവത്തിന്റെ സകല കൃപയാലും തികവ് പ്രാപിക്കുകയും, ഉറപ്പിക്കപ്പെടുകയും, ബലപ്പെടുകയും, അടിസ്ഥാനപ്പെടുകയും ചെയ്യുന്നു—1 പത്രൊ. 5:10.

| | |
|---|---|
| 1 പത്രൊ. 5:10 | എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും. |

10. അവനാൽ ഭരമേല്പിക്കപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വം നിർവഹിക്കുന്നു—അതായത്, ക്രിസ്തുവിന്റെ ധനത്തെ ദൈവത്തിന്റെ കൃപയായി ജനത്തിലേക്ക് പകരുന്നു—എഫെ. 3:2, 8.

| | |
|---|---|
| എഫെ. 3:2 | നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ, |
| എഫെ. 3:8 | സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും, |

11. നമ്മുടെ ജീവിതത്തിൽ, കെട്ടുപണിയുടെ വാക്കുകൾ സംസാരിക്കുകയും അങ്ങനെ ജനത്തിന് കൃപ നൽകുകയും ചെയ്യുന്നു—4:28-29.

| | |
|---|---|
| എഫെ. 4:28 | മോഷ്ടിക്കുന്നവൻ ഇനി മോഷ്ടിക്കാതെ, മുട്ടുള്ളവനു പങ്കുവയ്ക്കുവാൻ ഉണ്ടാകേണ്ടതിന്, ബഹുമാന്യമായതിൽ തന്റെ സ്വന്തം കൈകൾകൊണ്ട് വേല ചെയ്ത് അധ്വാനിക്കണം. |
| എഫെ. 4:29 | നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ. |

12. കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി സ്വീകരിച്ചുകൊണ്ട് ജീവനിൽ വാഴുന്നു—കൃപ നിത്യജീവങ്കലേക്ക് വാഴുന്നു—റോമ. 5:17, 21.

| | |
|---|---|
| റോമ. 5:1b7 | ...കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും. |
| റോമ. 5:21b | ...കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു |

തന്നെ..

13. എല്ലാ വിശ്വാസികൾക്കും അവരുടെ മേൽ കൃപ ലഭിക്കുകയും സഭ പണിയപ്പെടുകയും ചെയ്യുന്നു; വിശ്വാസികൾക്ക് ലഭിക്കുന്ന കൃപ ദൃശ്യമാകുന്നു—പ്രവൃ. 4:33; 11:23.

| | |
|---|---|
| പ്രവൃ. 4:33 | അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ യേശു ക്രിസ്തുവിന്റ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു, എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു. |
| പ്രവൃ. 11:23 | അവൻ വന്ന് ദൈവകൃപ കണ്ടപ്പോൾ, സന്തോഷിക്കുകയും അവർ എല്ലാവരെയും ഹൃദയ നിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉൽസാഹിപ്പിക്കുകയും ചെയ്തു. |

**II. പ്രവൃത്തികളുടെ പുസ്തകത്തിലെ കൃപ നാം കാണേണ്ടതുണ്ട്—4:33; 11:23; 13:43; 14:3, 26; 15:11, 40; 20:32:**

| | |
|---|---|
| പ്രവൃ. 4:33 | അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ യേശു ക്രിസ്തുവിന്റ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു, എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു. |
| പ്രവൃ. 11:23 | അവൻ വന്ന് ദൈവകൃപ കണ്ടപ്പോൾ, സന്തോഷിക്കുകയും അവർ എല്ലാവരെയും ഹൃദയ നിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉൽസാഹിപ്പിക്കുകയും ചെയ്തു. |
| പ്രവൃ. 13:43 | സിനഗോഗു പിരിഞ്ഞപ്പോൾ, യെഹൂദന്മാരിലും ഭക്തരായ സ്വമതത്യാഗികളിലും അനേകർ പൗലൊസിനെയും ബർന്നബാസിനെയും പിന്തുടർന്നു; അവർ അവരോട് സംസാരിക്കുകയും ദൈവകൃപയിൽ നിലനിൽക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. |
| പ്രവൃ. 14:3 | അതുകൊണ്ട് അവർ ഗണ്യമായ കാലയളവ് കർത്താവിൽ ധൈര്യത്തോടെ സംസാരിച്ചുകൊണ്ട് ചെലവഴിച്ചു, അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യുമാറാക്കി തന്റെ കൃപയുടെ വചനത്തെ അവൻ സാക്ഷ്യപ്പെടുത്തി. |
| പ്രവൃ. 14:26 | അവിടെനിന്ന് അവർ, തങ്ങൾ നിവർത്തിച്ച വേലയ്ക്കായി തങ്ങളെ ദൈവകൃപയ്ക്കു ഭരമേൽപ്പിച്ചിരുന്ന ഇടമായ അന്ത്യൊക്യയിലേക്ക് കപ്പൽ കയറി. |
| പ്രവൃ. 15:11 | എന്നാൽ കർത്താവായ യേശുവിന്റെ കൃപയിലൂടെ അവർ രക്ഷിക്കപ്പെട്ട അതേ രീതിയിൽത്തന്നെ നാമും രക്ഷിക്കപ്പെട്ടു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. |
| പ്രവൃ. 15:40 | എന്നാൽ പൗലൊസ് ശീലാസിനെ തിരഞ്ഞെടുത്ത്, സഹോദരന്മാരാൽ കർത്താവിന്റെ കൃപയ്ക്ക് ഭരമേൽപ്പിച്ചിട്ട് |

പുറപ്പെട്ടുപോയി.

പ്രവൃ. 20:32 ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേൽപ്പിക്കുന്നു.

A. "അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു; എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു"—4:33:
   1. *എല്ലാവരുടെയും മേൽ വലിയ കൃപ ഉണ്ടായിരുന്നു* എന്ന പ്രയോഗത്തെ നാം വിലമതിക്കുന്നു.
   2. പെന്തക്കോസ്ത് നാളിലാണ് ഇത് സംഭവിച്ചത്; ആയിരക്കണക്കിന് ആളുകൾ കർത്താവിങ്കലേക്ക് കൊണ്ടുവരപ്പെട്ടു—2:41; 4:4.

      പ്രവൃ. 2:41 അങ്ങനെ അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനപ്പെട്ടു, ആ ദിവസം ഏകദേശം മൂവായിരം ദേഹികൾ ചേർക്കപ്പെടുകയും ചെയ്തു.

      പ്രവൃ. 4:4 എന്നാൽ വചനം കേട്ടവരിൽ അനേകർ വിശ്വസിച്ചു; പുരുഷന്മാരുടെ സംഖ്യ ഏകദേശം അയ്യായിരത്തോളം വന്നു.

   3. വിശ്വാസികളുടെ മേൽ വലിയ കൃപയുണ്ടെന്ന് ആളുകൾക്ക് മനസ്സിലാക്കാൻ കഴിയുന്ന ഒരു സാഹചര്യമായിരുന്നു ഇത്.
   4. ഈ കൃപ, നീങ്ങുന്നവനും ബോധ്യപ്പെടുത്തുന്നവനും കീഴ്പ്പെടുത്തുന്നവനും വിടുവിക്കുന്നവനും ഉയർത്തുന്നവനും അതീതനുമായ ജീവനുള്ള യേശുവല്ലാതെ മറ്റൊന്നുമല്ല.
   5. "അവൻ [ബർന്നബാസ്] വന്ന് ദൈവകൃപ കണ്ടു"—11:23.
   6. കൃപ കണ്ടപ്പോൾ അവൻ "സന്തോഷിക്കുകയും അവർ എല്ലാവരെയും ഹൃദയ നിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്തു" —വാ. 23.
   7. വിശ്വാസികൾ സ്വീകരിക്കുകയും ആസ്വദിക്കുകയും ചെയ്തതും, തങ്ങളുടെ രക്ഷയിലും, ജീവനിലുള്ള മാറ്റത്തിലും, വിശുദ്ധ ജീവിതത്തിലും, തങ്ങളുടെ യോഗങ്ങളിൽ അവർ പ്രയോഗിച്ച വരങ്ങളിലും ആവിഷ്കരിക്കപ്പെടുകയും ചെയ്ത ത്രിയേക ദൈവമായിരുന്നിരിക്കണം ബർന്നബാസ് കണ്ട കൃപ; ഇവയെല്ലാം മറ്റുള്ളവർക്ക് കാണുവാൻ സാധിച്ചു.

B. "പൗലൊസും ബർന്നബാസും...അവരോട് സംസാരിക്കുകയും ദൈവകൃപയിൽ നിലനിൽക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു"—13:43:
   1. കൃപയിൽ തുടരുക എന്നതിനർഥം നമുക്ക് ഈ കൃപ ലഭിച്ചുകഴിഞ്ഞു എന്നാണ്.
   2. ദൈവകൃപ ലഭിച്ചതിനാൽ, നാം ഇപ്പോൾ അതിൽ തുടരേണ്ടതുണ്ട്:
      a. യഥാർഥത്തിൽ, 34-ാം വാക്യത്തിൽ വിശ്വാസികൾക്ക് വിശുദ്ധവും വിശ്വസ്തവുമായ കാര്യങ്ങൾ ലഭിച്ചുകഴിഞ്ഞു.

         പ്രവൃ. 13:34 ഇനിമേൽ ദ്രവത്വത്തിലേക്കു മടങ്ങാതെ, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതിൽ, അവൻ ഇപ്രകാരം അരുളിച്ചെയ്തു, "ഞാൻ ദാവീദിന്റെ, വിശുദ്ധമായവയെ, വിശ്വസ്തമായവയെത്തന്നെ, നിങ്ങൾക്കു നൽകും."

b. പിന്നെ 43-ാം വാക്യത്തിൽ ഈ വിശുദ്ധവും വിശ്വസ്തവുമായ കാര്യങ്ങൾ ദൈവത്തിന്റെ കൃപയായിത്തീർന്നു.

പ്രവൃ 13:43 സിനഗോഗു പിരിഞ്ഞപ്പോൾ, യെഹൂദന്മാരിലും ഭക്തരായ സ്വമതത്യാഗികളിലും അനേകർ പൗലൊസിനെയും ബർന്നബാസിനെയും പിന്തുടർന്നു; അവർ അവരോട് സംസാരിക്കുകയും ദൈവകൃപയിൽ നിലനിൽക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു.

c. അതുകൊണ്ട്, ദൈവകൃപ വിശുദ്ധവും വിശ്വസ്തവുമായ എല്ലാ കാര്യങ്ങളും കൂടിച്ചേർന്നതാണ്.

C. “അവർ ഗണ്യമായ കാലയളവ് കർത്താവിൽ ധൈര്യത്തോടെ സംസാരിച്ചുകൊണ്ട് ചെലവഴിച്ചു....തന്റെ കൃപയുടെ വചനത്തെ അവൻ സാക്ഷ്യപ്പെടുത്തി.”—14:3:

1. 3-ാം വാക്യത്തിൽ *അവന്റെ കൃപയുടെ വചനം* എന്ന പദപ്രയോഗത്തിന്റെ പ്രാധാന്യം നാം കാണണം.

പ്രവൃ. 14:3 അതുകൊണ്ട് അവർ ഗണ്യമായ കാലയളവ് കർത്താവിൽ ധൈര്യത്തോടെ സംസാരിച്ചുകൊണ്ട് ചെലവഴിച്ചു, അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യുമാറാക്കി തന്റെ കൃപയുടെ വചനത്തെ അവൻ സാക്ഷ്യപ്പെടുത്തി.

2. *അവന്റെ കൃപയുടെ വചനം* എന്ന പ്രയോഗം ചില യുഗപരമായ കാര്യങ്ങളെ സൂചിപ്പിക്കുന്നു; കർത്താവിന്റെ കൃപയുടെ വചനം ന്യായപ്രമാണത്തെ പകരം വയ്ക്കുന്നു.

3. ഈ വാക്യം യുഗത്തിന്റെ മാറ്റത്തിന്റെ, തന്റെ വ്യവസ്ഥയിൽ ദൈവത്തിന്റെ ക്രമീകരണത്തിന്റെ മാറ്റത്തിന്റെ ശക്തമായ ഒരു സൂചനയാണ്.

D. “തങ്ങൾ നിവർത്തിച്ച വേലയ്ക്കായി തങ്ങളെ ദൈവകൃപയ്ക്കു ഭരമേല്പിച്ചു”—വാ. 26:

1. നമുക്ക് ജീവനും സകലവുമായിത്തീരുന്ന ത്രിയേക ദൈവമാണ് കൃപ.

2. പൗലൊസിനെ പ്രചോദിപ്പിക്കുകയും അവനിൽ വ്യാപരിക്കുകയും ചെയ്ത കൃപ, അവനിൽ സർവവുമായി ജീവിച്ച, സർവവും-ഉൾക്കൊള്ളുന്ന ജീവൻ-നൽകുന്ന ആത്മാവായിത്തീർന്ന, പിതാവായ ദൈവത്തിന്റെ ദേഹരൂപമായ, പുനരുത്ഥാനം ചെയ്ത ക്രിസ്തു എന്ന ജീവനുള്ള വ്യക്തിയായിരുന്നു—1 കൊരി. 15:10.

1 കൊരി 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

E. "കർത്താവായ യേശുവിന്റെ കൃപയിലൂടെ അവർ രക്ഷിക്കപ്പെട്ട അതേ രീതിയിൽത്തന്നെ നാമും അവരെപ്പോലെ തന്നെ രക്ഷിക്കപ്പെട്ടു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു"—പ്രവൃ. 15:11:

1. ഈ കൃപയിൽ കർത്താവെന്ന വ്യക്തിയും അവന്റെ വീണ്ടെടുപ്പിൻ വേലയും ഉൾപ്പെടുന്നു—ഗലാ. 2:21; റോമ. 3:24.

ഗലാ 2:21 ദൈവത്തിന്റെ കൃപയെ ഞാൻ വ്യഥാവാക്കുന്നില്ല;

എന്തെന്നാൽ നീതി ന്യായപ്രമാണം മുഖാന്തരം എങ്കിൽ, ക്രിസ്തു ഒന്നിനുമല്ല മരിച്ചത്.

റോമ 3:24 ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു;

2. മോശെയുടെ ന്യായപ്രമാണം പാലിച്ചതിനാൽ അല്ല, ഈ കൃപയാലാണ് പത്രൊസും യെഹൂദ വിശ്വാസികളും രക്ഷിക്കപ്പെട്ടത്.

F. "പൗലൊസ് ശീലാസിനെ തിരഞ്ഞെടുത്ത്, സഹോദരന്മാരാൽ കർത്താവിന്റെ കൃപയ്ക്ക് ഭരമേല്പിക്കപ്പെട്ടിട്ട് പുറപ്പെട്ടുപോയി"—പ്രവൃ. 15:40:

1. പൗലൊസ് കർത്താവിന്റെ കൃപയ്ക്ക് ഭരമേല്പിക്കപ്പെട്ടു.
2. സഹോദരന്മാർ പൗലൊസിനെ കർത്താവിന്റെ കൃപയ്ക്ക് ഭരമേല്പിച്ചു എന്ന വസ്തുത സൂചിപ്പിക്കുന്നത്, അവൻ ശരിയായ വഴി എടുത്തു എന്നാണ്.

G. "ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേല്പിക്കുന്നു"—20:32:

1. ദൈവത്തിന്റെ സമൃദ്ധമായ കൃപയുടെ വചനം വിശുദ്ധന്മാരെ കെട്ടുപണി ചെയ്യുവാൻ ഉതകുന്നതാണ്.
2. വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നമുക്ക് നൽകുന്നതിന് ദൈവകൃപയുടെ വചനം പ്രവർത്തിക്കുന്നു:
   a. ഈ അവകാശം തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിനുവേണ്ടി തനിക്കുള്ളതും, താൻ ചെയ്തതതും, താൻ ചെയ്യാൻ പോകുന്നതുമായ എല്ലാകാര്യങ്ങളോടും കൂടിയ ത്രിയേക ദൈവം തന്നെയാണ്.
   b. നമ്മുടെ നിത്യാവകാശം ദിവ്യജീവനോട് ബന്ധപ്പെട്ടിരിക്കുന്നു, അത് നമുക്ക് വീണ്ടും ജനത്തിലൂടെ ലഭിക്കുകയും, നമ്മുടെ ക്രിസ്തീയ ജീവിതത്തിലുനീളം അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു.
   c. ദൈവത്തിന്റെ അവകാശത്തിൽ പങ്കുകൊള്ളുന്നതിന് നാം വിശുദ്ധീകരിക്കപ്പെടണം, വിശുദ്ധീകരിക്കപ്പെടുവാൻ ദൈവത്തിന്റെ കൃപയുടെ വചനം ആവശ്യമാണ്.

**ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:**

**കൃപ**

എഫെസ്യർ 2:7 ഇപ്രകാരം പറയുന്നു, "വരുവാനുള്ള യുഗങ്ങളിൽ ക്രിസ്തു യേശുവിൽ നമ്മോടുള്ള ദയയാൽ അവന്റെ കൃപയുടെ അളവറ്റ ധനം പ്രദർശിപ്പിക്കേണ്ടതിനു തന്നെ." 1 കൊരിന്ത്യർ 15:10-ൽ ഇപ്രകാരം പൗലൊസ് സാക്ഷ്യപ്പെടുത്തുന്നു, "എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ." ദൈവകൃപ വളരെ സുപ്രധാനമായ ഒരു കാര്യമാണ്. പുതിയനിയമത്തിൽ ദൈവകൃപയുടെ യഥാർഥവും ഉചിതവുമായ അർഥം കണ്ടെത്തേണ്ടത് നമുക്ക് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പുതിയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ

ദൈവത്തിന്റെ കൃപ എന്താണെന്ന് നാം മനസ്സിലാക്കണമെങ്കിൽ, പുതിയനിയമത്തെ മൊത്തത്തിൽ വ്യക്തമായി കാണേണ്ടതുണ്ട്.

ഞാൻ ചെറുപ്പമായിരുന്നപ്പോൾ, എന്നെ പഠിപ്പിച്ചത് കൃപ എന്നാൽ നാം ഒന്നും ചെയ്യേണ്ടതില്ലെന്നും, ദൈവം നമുക്കുവേണ്ടി എല്ലാം ചെയ്യുന്നു എന്നുമാണ്. ഈ ഉപദേശം അനുസരിച്ച്, നാം ചെയ്യുന്നതെന്തും കൃപയല്ല, പ്രവൃത്തിയാണ്, എന്നാൽ ദൈവം നമുക്കുവേണ്ടി ചെയ്യുന്നതെന്തും കൃപയാണ്. എന്നിരുന്നാലും, പുതിയനിയമമനുസരിച്ച്, കൃപ എന്നത് നമ്മുടെ ആസ്വാദനത്തിനായി ദൈവം നമുക്ക് എന്തായിരുക്കുന്നുവോ അതാണ് (യോഹ. 1:16-17; 2 കൊരി. 12:9). നമ്മുടെ അനുഭവത്തിൽ, നമ്മുടെ ആസ്വാദനത്തിനായി നമ്മുടെ ആളത്തത്തിലേക്ക് ക്രിസ്തുവിലൂടെ പകരപ്പെടുന്ന ദൈവമാണ് കൃപ. കൃപ പ്രധാനമായും ദൈവം നമുക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തിയല്ല; കൃപ നമ്മുടെ ആളത്തത്തിലേക്ക് പകരപ്പെടുയും നമ്മുടെ ആസ്വാദനമായി നാം അനുഭവമാക്കുകയും ചെയ്യുന്ന ത്രിയേക ദൈവം തന്നെയാണ്. ചുരുക്കത്തിൽ, കൃപ എന്നത് നാം അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന ത്രിയേക ദൈവമാണ്. നമ്മുടെ ആസ്വാദനത്തിനായി നമ്മുടെ ആളത്തത്തിലേക്ക് ക്രിസ്തുവിലൂടെ പകരപ്പെടുന്ന ദൈവമല്ലാതെ മറ്റൊന്നുമല്ല കൃപ എന്ന് പുതിയനിയമം വെളിപ്പെടുത്തുന്നു.

യേശു ക്രിസ്തു മുഖാന്തരം കൃപ വന്നു എന്ന് യോഹന്നാൻ 1:17 പറയുന്നു. ഇത് സൂചിപ്പിക്കുന്നത് കൃപ ഒരു വ്യക്തിയെപ്പോലെയാണ് എന്നാണ്. കൃപയുടെ വ്യക്തിവൽക്കരണം ദൈവം തന്നെയാണ്. "ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ" (1 കൊരി. 15:10) എന്ന് പറയുമ്പോൾ പൗലൊസ് ഇത് മനസ്സിലാക്കിയിരുന്നു. പൗലൊസിനെ സംബന്ധിച്ചിടത്തോളം, കൃപ ഒരു ജീവനുള്ള വ്യക്തിയായിരുന്നു. പൗലൊസിൽ ഈ വ്യക്തി അവന് വേല ചെയ്യുവാൻ കഴിയേണ്ടതിനു കാരണമായ കൃപയായി മാറി. അതിനാൽ, കൃപ ദൈവം തന്നെയാണ്; നമ്മുടെ ആസ്വാദനത്തിനായി ദൈവം നമുക്ക് എന്തായിരിക്കുന്നുവോ അതാണ് കൃപ. ദൈവത്തെ നാം ആസ്വദിക്കുമ്പോൾ, അത് കൃപയാണ്. അവൻ ആയിരിക്കുന്ന സകലത്തെയും ആസ്വദിക്കുവാൻ, തന്റെ പുത്രനായ യേശു ക്രിസ്തുവിൽ നമ്മുടെ ഓഹരിയായ ദൈവമാണ് കൃപ.

കൃപ നമ്മുടെ ആസ്വാദനമായി ദൈവമാണെന്ന വസ്തുത നാം ഊന്നിപ്പറയേണ്ടതുണ്ട്. ദൈവം നമുക്ക് ആസ്വദിക്കാനുള്ള നമ്മുടെ ഓഹരിയായി മാറുമ്പോൾ, അത് കൃപയാണ്. കൃപയെ ദൈവത്തേക്കാൾ കുറഞ്ഞ ഒന്നായി കണക്കാക്കരുത്. കൃപ എന്നത് നമ്മുടെ ഓഹരിയായി, പ്രായോഗികമായി നാം ആസ്വദിക്കുന്ന ത്രിയേക ദൈവത്തേക്കാൾ കുറഞ്ഞതായ ഒന്നുമല്ല. കൃപയുടെ ഈ നിർവചനത്തെക്കുറിച്ച്, 43-ാമത്തെ കീർത്തനത്തിന്റെ ആദ്യ ഖണ്ഡിക ഇങ്ങനെ പറയുന്നു:

കൃപയിൻ നിർവചനം പുത്രനിൽ

ദൈവം നമ്മുടെ ആസ്വാദനമേ;

ദൈവം തന്നെ നമ്മുടെ ഓഹരി,

താൻ വേല, ദാനമോ മാത്രമല്ല.

കൃപ എന്നത് ഉപദേശത്തിലല്ല, പിന്നെയോ നമ്മുടെ അനുഭവത്തിലുള്ള ദൈവമാണ്, കാരണം കൃപ എന്നത് അവൻ നമ്മുടെ ആസ്വാദനത്തിനായി അവൻ ആയിരിക്കുന്ന എല്ലാറ്റിനോടുമൊപ്പം ക്രിസ്തുവിലുള്ള ദൈവമാണ്. ഇതിൽ ജീവൻ, ശക്തി, ആശ്വാസം, വിശ്രമം, വെളിച്ചം, നീതി, വിശുദ്ധി, ശക്തി, മറ്റ് ദിവ്യ ഗുണങ്ങൾ

എന്നിവ ഉൾപ്പെടുന്നു. നാം ദൈവത്തെ ആസ്വദിക്കുകയും അവനിൽ പങ്കുചേരുകയും ചെയ്യുമ്പോൾ, അതാണ് കൃപ.

എഫെസ്യർ **2:7**-ൽ പൗലൊസ് സൂചിപ്പിക്കുന്നത് ദൈവം "വരുവാനുള്ള യുഗങ്ങളിൽ ക്രിസ്തു യേശുവിൽ നമ്മോടുള്ള ദയയാൽ അവന്റെ കൃപയുടെ അളവറ്റ ധനം പ്രദർശിപ്പിക്കേണ്ടതിനു തന്നെ" എന്നാണ്. ദൈവത്തിന്റെ കൃപയുടെ ധനം പ്രദർശിപ്പിക്കുക എന്നാൽ അവയെ മുഴുവൻ പ്രപഞ്ചത്തിനും പ്രദർശിപ്പിക്കുക എന്നാണ്. ദൈവത്തിന്റെ കൃപയുടെ ധനം എല്ലാ പരിധികളെയും മറികടക്കുന്നു, കാരണം അവ നമ്മുടെ ആസ്വാദനത്തിനായുള്ള ദൈവത്തിന്റെ തന്നെ ധനമാണ്. ദൈവത്തിന്റെ കൃപയുടെ ധനം നിത്യതയോളം പരസ്യമായി പ്രദർശിപ്പിക്കപ്പെടും.

എഫെസ്യർ **2:8**-ൽ പൗലൊസ് തുടർന്നു പറയുന്നത്, നാം കൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നാണ്. എഫെസ്യർക്കെഴുതിയ ലേഖനത്തിൽ കൃപ എന്നാൽ ദൈവം നമ്മിലേക്ക് വിതരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നാണ്. അതിനാൽ, കൃപയാൽ രക്ഷിക്കപ്പെടുക എന്നാൽ ക്രിസ്തുവിൽ നമ്മിലേക്ക് വിതരണം ചെയ്യപ്പെട്ട ദൈവത്താൽ രക്ഷിക്കപ്പെടുക എന്നാണ്. എന്നിരുന്നാലും, മിക്ക ക്രിസ്ത്യാനികളും കൃപയെ ഒരു വ്യക്തിയായിട്ടല്ല, ഒരു വസ്തുവായി കണക്കാക്കുന്നു. അവർക്ക്, കൃപ എന്നത് സൗജന്യമായി നൽകപ്പെട്ട ഒരു സമ്മാനം മാത്രമാണ്. കൃപയെക്കുറിച്ചുള്ള ഈ ആശയമനുസരിച്ച്, നാം ദൈവത്തിന്റെ രക്ഷയ്ക്ക് അർഹരല്ലാത്ത പാപികളായിരുന്നു, എന്നാൽ ദൈവം ഈ അർഹതയില്ലാത്ത അനുഗ്രഹം നൽകി നമ്മെ സൗജന്യമായി രക്ഷിച്ചു. എന്നിരുന്നാലും, കൃപയാൽ രക്ഷിക്കപ്പെടുക എന്നതിന്റെ അർഥത്തെക്കുറിച്ചുള്ള ഉപരിപ്ലവമായ ഒരു ധാരണയാണിത്.

എഫെസ്യർക്കെഴുതിയ ലേഖനം വെളിപ്പെടുത്തുന്നത്, രക്ഷിക്കുന്ന കൃപ എന്നാൽ ദൈവം തന്നെ ക്രിസ്തുവിൽ നമ്മുടെ ആളത്തത്തിലേക്ക് സൃഷ്ടിക്കപ്പെടുന്നു എന്നാണ്. അതിനാൽ, കൃപയാൽ രക്ഷിക്കപ്പെടുക എന്നതിനർഥം ത്രിയേകദൈവത്തെ നമ്മിലേക്ക് പകരുന്നതിലൂടെ രക്ഷിക്കപ്പെടുക എന്നാണ്.

എഫെസ്യലേഖനമനുസരിച്ച്, രക്ഷ എന്നത് ദൈവത്തെ കൃപയായി നമ്മിലേക്ക് പകരുന്നതാണ്. ദൈവത്തെ കൃപയായി നമ്മിലേക്ക് പകരുന്നത് ലളിതമായ ഒരു കാര്യമായിരുന്നില്ല. ജഡാവതാരം, ക്രൂശ്മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയിലൂടെ അവൻ പ്രക്രിയാവിധേയനാകേണ്ടത് ആവശ്യമായിരുന്നു. ഈ രീതിയിൽ പ്രക്രിയാവിധേയനായതിലൂടെ, അവന് ഇപ്പോൾ അവനെത്തന്നെ നമ്മിലേക്ക് പകരുവാൻ കഴിയും. പ്രക്രിയാവിധേയനായ ദൈവം നമ്മിലേക്ക് അവനെത്തന്നെ പകരുമ്പോൾ, നമ്മുടെ അനുഭവത്തിൽ അവൻ നമുക്ക് രക്ഷിക്കുന്ന കൃപയായി മാറുന്നു. ഈ കൃപ അത്ഭുതകരമായ കൃപ മാത്രമല്ല; അത് സമൃദ്ധമായ കൃപയുമാണ്. കൃപ നമ്മുടെ ആളത്തത്തിലേക്ക് പകരപ്പെടുന്ന പ്രക്രിയാവിധേയനായ ദൈവമാണ്.

എഫെസ്യർ **1**-ഉം **2**-ഉം നിങ്ങൾ വളരെയധികം പ്രാർഥനയോടെ വായിച്ചാൽ, ദൈവം നമ്മുടെ ആളത്തത്തിലേക്ക് പ്രസരണം ചെയ്യപ്പെട്ട പ്രക്രിയാവിധേയനും പരിണതി പ്രാപിച്ചവനുമാണ് രക്ഷിക്കുന്ന കൃപയും സമൃദ്ധമായ കൃപയും എന്ന് നിങ്ങൾ കാണും. ഈ പ്രക്രിയാവിധേയനായ ദൈവത്തിന്റെ പ്രസരണം മുഖേനയാണ് നാം രക്ഷിക്കപ്പെട്ടത്. ക്രിസ്തുയേശുവിൽ, നമ്മോടുള്ള അവന്റെ ദയയിൽ, ദൈവം തന്റെ കൃപയാൽ നമ്മെ രക്ഷിച്ചു. വരുവാനുള്ള യുഗങ്ങളിൽ — സഹസ്രാബ്ദത്തിലും നിത്യതയിലും — ദൈവം ഈ കൃപ മുഴുവൻ പ്രപഞ്ചത്തിനും പരസ്യമായി പ്രദർശിപ്പിക്കും.

1 കൊരിന്ത്യർ **15:10**-ൽ പൗലൊസ് കൃപയെക്കുറിച്ച് മൂന്ന് തവണ സംസാരിക്കുന്നു. രണ്ടുതവണ അവൻ ദൈവകൃപയെക്കുറിച്ചും ഒരിക്കൽ "അവന്റെ കൃപയെക്കുറിച്ചും" സംസാരിക്കുന്നു. ഈ വാക്യത്തിൽ കൃപ ത്രിയേക ദൈവം നമുക്ക് ജീവനും എല്ലാവുമായി മാറുന്നു എന്നതാണ്. പാപികളിൽ ഒന്നാമനായ തർസൊസിലെ ശൗൽ (1 തിമൊ. **1:15-16**) എല്ലാ അപ്പൊസ്തലന്മാരെക്കാളും അധികമായി അധ്വാനിച്ചുകൊണ്ട്, മുൻനിര അപ്പൊസ്തലനായിത്തീർന്നത് ഈ കൃപയാലാണ്.

ദൈവത്തിന്റെ ബഹുവിധമായ കൃപയെക്കുറിച്ച് 1 പത്രൊസ് **4:10** പറയുന്നു: "ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ." ദൈവത്തിന്റെ ബഹുവിധമായ കൃപ ജീവന്റെ സമ്പന്ന സഹായമാണ്, അത് ത്രിയേക ദൈവം വിവിധ വശങ്ങളിൽ നമുക്ക് ശുശ്രൂഷിക്കപ്പെടുന്നതാണ്. നല്ല കാര്യസ്ഥന്മാരെന്ന നിലയിൽ, നമുക്ക് ലഭിച്ച ഉപഹാരത്താൽ നാം സഭയ്ക്കും വിശുദ്ധന്മാർക്കും, കേവലം ഉപദേശങ്ങളെയല്ല, അത്തരം കൃപയെ ശുശ്രൂഷിക്കണം.

1 പത്രൊസ് **5:10**-ൽ "സകല കൃപയുടെയും ദൈവ"ത്തെക്കുറിച്ച് ഒരു വാക്ക് നമുക്കുണ്ട്. ഈ വാക്യത്തിൽ "സകല കൃപയും" എന്നത് ദൈവത്തിന്റെ വ്യവസ്ഥയിലെ ദിവ്യ പ്രവർത്തനത്തിന്റെ പല ഘട്ടങ്ങളിലും നമുക്ക് ശുശ്രൂഷിക്കപ്പെടുന്ന ദിവ്യജീവന്റെ സമൃദ്ധസഹായത്തിന്റെ ധനത്തെയാണ് സൂചിപ്പിക്കുന്നത്. "സകല കൃപയുടെയും ദൈവം" എന്ന പദം നിസ്തുലമാണ്; പുതിയനിയമത്തിൽ 1 പത്രൊസ് **5:10**-ൽ മാത്രമേ ഇത് കാണപ്പെടുന്നുള്ളൂ. ദൈവം കൃപയുടെ ദൈവമാണെന്ന് പത്രൊസ് പറയുന്നില്ല; ദൈവം സകല കൃപയുടെയും ദൈവമാണെന്ന് അദ്ദേഹം പറയുന്നു . വിശ്വാസികൾ എന്ന നിലയിൽ, നമ്മുടെ ദൈവം സകല കൃപയുടെയും ദൈവമാണെന്ന വസ്തുതയാൽ നാം പ്രോത്സാഹിപ്പിക്കപ്പെടണം. ക്രിസ്തുവിൽ നമുക്ക് അത് നൽകി അനുഗ്രഹിച്ച നമ്മുടെ ദൈവത്തിന്റെ ഒരു മികച്ച സദ്ഗുണമാണ് ഈ ദിവ്യകൃപ. (*പുതിയനിയമത്തിന്റെ സമാപനം,* പേജ് 102-105)